(Pages : 4) **S – 3576**

**Reg. No. : .............................**

**Name : .................................**

## Third Semester B.A. Degree Examination, February 2024

## Career Related First Degree Programme under CBCSS

## Malayalam and Mass Communications

## Core Course IV

## MX 1341 : മലയാളകവിത - പൂർവ്വഘട്ടം

## (2018-2020 Admission)

St. Xavier's College

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരം എഴുതുക.

1. രാമായണത്തിലെ യുദ്ധകാണ്ഡം മുഖ്യപ്രതിപാദ്യമായി സ്വീകരിച്ചിരിക്കുന്ന പാട്ടുകൃതി?

2. ചോകിരം ഗ്രാമത്തെ വർണ്ണിക്കുന്ന പ്രാചീനചമ്പുവേത്?

3. ഉണ്ണുനീലിസന്ദേശത്തിലെ സന്ദേശഹരൻ ആര്?

4. കൃഷ്ണഗാഥയുടെ ഇതിവൃത്തം സ്വീകരിച്ചിരിക്കുന്നത് എവിടെനിന്നാണ്?

5. ‘വാഴപ്പഴംതാനശിപ്പാൻകരയുന്ന

   ബാലക്കിടാങ്ങളെപ്പോലെ തുടങ്ങൊലാ’ എന്ന് ധൃതരാഷ്ട്രരെ ഉപദേശിക്കുന്നതാര്?

6. നളചരിതം ആട്ടക്കഥയ്ക്ക് ‘കാന്താരതാരകം’ എന്ന വ്യാഖ്യാനം രചിച്ചതാര്?

7. കുചേലവൃത്തം വഞ്ചിപ്പാട്ടിൽ സൂചിതനാകുന്ന തിരുവിതാംകൂർ മഹാരാജാവ് ആര്?

P.T.O.

8. ഭാരതമാല ആരുടെ കൃതിയാണ്?

9. 'പിണക്കിയകറ്റുവൻ ഞാനവനെയും ധ്രുവമവളെയും' - ആരുടെ വാക്കുകളാണിത്?

10. 'മണിപ്രവാളകവിത' രചിച്ചതാര്?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. 'മുല്ലപ്പൂവിൻ പരിമളമെഴും തെന്റൽ തീയെന്റപോലെ' അനുഭവപ്പെട്ടതാർക്ക്? വിശദമാക്കുക.

12. മുക്തകങ്ങൾ എന്നാൽ എന്ത്?

13. 'ഞാനിന്നിക്കാര്യത്തെ സാധിച്ചു ചെല്ലുമ്പോൾ

മാനിച്ചുചൊന്നതു നൽകുംനാഥൻ'

- ആരാണിങ്ങനെ ചിന്തിക്കുന്നത്? സന്ദർഭമെഴുതുക.

14. 'സൗവർണഹംസം ചെയ്യൊരു

സൗഹൃദമായതു സൗഹൃദമേ' - സാരസ്യം വെളിപ്പെടുത്തുക.

15. 'ഖേദംവരുത്തുകയില്ല ഞാനാർക്കുമേ' എന്ന് ശ്രീകൃഷ്ണൻ പറയാൻ ഇടയായ സാഹചര്യമെന്ത്?

16. കൃഷിപ്പാട്ടുകളുടെ സവിശേഷതകൾ എന്തെല്ലാം?

17. ചമ്പൂഗദ്യത്തിന്റെ പൊതുസ്വഭാവമെന്ത്?

18. 'ഭവദുപകൃതേരഹം പ്രതികരിഷ്യാമി' - ആരുടെ വാക്കുകൾ? സന്ദർഭമേത്?

St. Xavier's College

19. 'പട്ടാങ്ങായുള്ളവരേവരെന്നിങ്ങനെ

ഒട്ടുപോൽ ചിന്തിച്ചു വട്ടം പോന്നാൻ' വിവക്ഷിതമെന്ത്?

20. ഏതുക, മോന എന്നിവ എന്തെന്നു വ്യക്തമാക്കുക.

21. 'ദാസ്യസഖ്യാദികളോ നിത്യന്മാർക്കുണ്ടാമോ?' - സൂചിതമെന്ത്?

22. പ്രാചീനചമ്പുക്കളും മധ്യകാലചമ്പുക്കളും പ്രമേയസ്വീകരണത്തിൽ വ്യത്യസ്തമാകുന്നതെങ്ങനെ?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'വാഴ്ച്ചും ദൈവഗതിക്കു നീക്കമൊരുനാളുണ്ടോ?' - വിവക്ഷിതം വ്യക്തമാക്കുക.

24. 'വൃദ്ധന്മാരായോർ കളിച്ചു തുടങ്ങിനാൽ

മുഗ്ദ്ധരാം ഞങ്ങളിന്നെന്തു വേണ്ടൂ' - സൂചിതം വിശദമാക്കുക.

25. ഉണ്ണുനീലിസന്ദേശത്തിലെ പ്രഭാതവർണ്ണന സംഗ്രഹിക്കുക.

26. പുത്രശോകാർത്തനായ ധൃതരാഷ്ട്രരെ വേദവ്യാസൻ ആശ്വസിപ്പിച്ചതെങ്ങനെ?

27. ലീലാതിലകകാരൻ പാട്ടിനു നൽകുന്ന ലക്ഷണം 'രാമചരിത'ത്തിന് എത്രമാത്രം ഇണങ്ങുന്നുണ്ടെന്ന് പരിശോധിക്കുക.

28. ശ്രീകൃഷ്ണനെ കാണാൻ പുറപ്പെട്ട കുചേലന്റെ ചിന്തകൾ എന്തെല്ലാം?

29. കലി എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപിക്കുക.

30. പൊയിലം ദേശത്തിന്റെ സവിശേഷതകൾ ഉണ്ണിച്ചിരുതേവീകാരൻ അവതരിപ്പിക്കുന്നതെങ്ങനെ?

31. വെണ്മണി പ്രസ്ഥാനത്തെക്കുറിച്ച് കുറിപ്പെഴുതുക.

**(6 × 4 = 24 Marks)**

St. Xavier's College

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. മഹാഭാരതം കിളിപ്പാട്ടിലെ സ്ത്രീപർവ്വത്തെ മുൻനിർത്തി, എഴുത്തച്ഛന്റെ കാവ്യശൈലിയുടെ സവിശേഷത വിശദമാക്കുക.

33. 'വത്സസ്തേയ'ത്തെ അടിസ്ഥാനമാക്കി, ചെറുശ്ശേരിയുടെ വർണ്ണനാപാടവത്തെപ്പറ്റി ഉപന്യസിക്കുക.

34. ഉണ്ണായിവാര്യരുടെ പാത്രസൃഷ്ടിവൈഭവത്തെക്കുറിച്ച് ഉപന്യസിക്കുക.

35. സാമൂഹികജീവിതത്തിന്റെ പ്രതിഫലനങ്ങളെന്നനിലയിൽ നാടൻപാട്ടുകൾക്കുള്ള പ്രസക്തി ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

St. Xavier's College